പത്രക്കുറിപ്പ്

**KERALA STATE COMMISSION FOR**

**PROTECTION OF CHILD RIGHTS**

Vanross Junction, Kerala University P.O., Thiruvananthapuram – 695 034

Phone : 0471 – 2326603/04/05E-mail : pro.cpcr@gmail.com

17.03.2022

## ചവറ സൗത്ത് ഗവ.എൽ.വി.എൽ.പി. സ്കൂൾ പൂർവ്വസ്ഥിതിയിലാക്കണം

**-ബാലാവകാശ കമ്മീഷൻ**

സപ്ലൈകോയുടെ ഭക്ഷ്യധാന്യക്കിറ്റ് പാക്കിംഗുമായി ബന്ധപ്പെട്ട് ചവറ സൗത്ത് ഗവ.എൽ. വി.എൽ.പി. സ്കൂളിന് സംഭവിച്ച നാശനഷ്ടങ്ങൾ പരിഹരിച്ച് ക്ലാസ് മുറികളും ആഡിറ്റോറിയവും പരിസരവും പൂർവ്വസ്ഥിതിയിലാക്കാൻ ബാലാവകാശ കമ്മീഷൻ ഉത്തരവായി. സപ്ലൈകോ തിരുവനന്തപുരം റീജിയണൽ മാനേജരും ചവറ തെക്കുംഭാഗം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും ഇതിനാവശ്യമായ നടപടി സ്വീകരിക്കണം. കോവിഡ് കാലത്ത് ഭക്ഷ്യക്കിറ്റ് പാക്കിംഗിനായി ഉപയോഗിച്ച സ്കൂളിന്റെ ഭൗതിക സാഹചര്യങ്ങൾ പൂർവ്വസ്ഥിതിലാക്കുന്നത് സംബന്ധിച്ച് കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടറും ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറും ഉറപ്പുവരുത്തണമെന്നും ആർ.രാജേഷ് സമർപ്പിച്ച ഹർജി പരിഗണിച്ച് കമ്മീഷൻ അംഗം റെനി ആന്റണിയാണ് ഉത്തരവ് പുറപ്പെടുവിച്ചത്.

## അച്ചൻകോവിൽ ഗവ. വി.എച്ച്.എസ് സ്കൂളിന് മൂന്ന് ഏക്കർ സ്ഥലം ലഭ്യമാക്കണം

**-ബാലാവകാശ കമ്മീഷൻ**

അച്ചൻകോവിൽ ഗവ. വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിന് 3 ഏക്കർ സ്ഥലം ഫോറസ്റ്റ് ആക്റ്റ് പ്രകാരം ലഭ്യമാക്കൻ ബാലാവകാശ കമ്മീഷൻ ഉത്തരവായി. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, പൊതു വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി, ഡയറക്ടർ, കൊല്ലം ജില്ലാ കളക്ടർ, ജില്ലാ പഞ്ചായത്ത് സെക്രട്ടറി, വിദ്യാഭ്യാസ ഉപഡയറക്ടർ എന്നിവർ ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ കമ്മീഷൻ അംഗം റെനി ആന്റണി പുറപ്പെടുവിച്ച ഉത്തരവിൽ നിർദ്ദേശിച്ചു. ഇതിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച് 3 മാസത്തിനകം കമ്മീഷന് റിപ്പോർട്ട് ചെയ്യാനും സ്ഥലം ലഭ്യമാക്കുന്ന മുറയ്ക്ക് സ്കൂളിന്റെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി തയ്യാറാക്കി നടപ്പിലാക്കാനും കമ്മീഷൻ നിർദ്ദേശം നൽകി.

അച്ചൻകോവിൽ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിൽ പട്ടികജാതിയിൽപ്പെട്ട 78 കുട്ടികളും പട്ടികവർഗ്ഗത്തിൽപ്പെട്ട 104 കുട്ടികളുമുൾപ്പെടെ 287 കുട്ടികളാണ് പഠിക്കുന്നത്. സ്കൂളിന് സ്വന്തമായി ഭൂമിയില്ലാത്തത് അടിസ്ഥാന ഭൗതിക സാഹചര്യ വികസനത്തിന് തടസ്സമാണ്. 3 ഏക്കർ സ്ഥലം സ്കൂളിന് സർക്കാർ അനുവദിച്ചിരുന്നെങ്കിലും സർവ്വേ നമ്പർ തെറ്റായി രേഖപ്പെടുത്തിയതിനാൽ  നാളിതുവരെ സ്ഥലം ലഭ്യമായിട്ടില്ല. എന്നീ വിവരങ്ങൾ പരാമർശിച്ച്  അച്ചൻ കോവിൽ അനിൽ കുമാർ കമ്മീഷന് സമർപ്പിച്ച ഹർജി പരിഗണിച്ചാണ് കമ്മീഷൻ ഉത്തരവ് പുറപ്പെടുവിച്ചത്.

ഒപ്പ്

പബ്ളിക് റിലേഷൻസ് ഓഫീസർ